LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം കോർപ്പറേഷനിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ

297 (1722) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം കോർപ്പറേഷനിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) കൊല്ലം നഗരത്തിൽ മാലിന്യ സംസ്കരണത്തിനായി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. കൊല്ലം കോർപ്പറേഷനിൽ അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്ന പക്ഷം ആയതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) കൊല്ലം നഗരത്തിൽ 6,76,13,000 രൂപയുടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നടപടി

298 (1723) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നഗര കേന്ദ്രങ്ങളിലെ ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഖരമാലിന്യ സംസ്കരണത്തിന് പുതിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലെയും മെട്രോ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ രീതികളിൽ കേരളത്തിന് അനുയോജ്യമായവ സ്വീകരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?